"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരളീയ പ്രവാസികാര്യ വകുപ്പ് - നോർക്ക അസിസ്റ്റഡ് & മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് (NAME) പദ്ധതി (2025-26) - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.650/2025/NORKA തീയതി,തിരുവനന്തപുരം, 10-06-2025

പരാമർശം:- 1. നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 07.05.2025 തീയതിയിലെ ROOTS/283/2025-AD2 നമ്പർ കത്ത്

2. 13.05.2025 തീയതിയിൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

മടങ്ങിയെത്തിയ പ്രവാസി തൊഴിലാളികൾക്ക് ഉപജീവന സഹായ സംരംഭമായി പരമാവധി തൊഴിൽ ദിനങ്ങൾ (പദ്ധതിക്ക് കീഴിൽ രജിസ്റ്റർ ചെയ്ത് മടങ്ങിവരുന്ന ഓരോ പ്രവാസിക്കും പരമാവധി 100 തൊഴിൽ ദിനങ്ങൾ) സൃഷ്ടിക്കുന്നതിനുള്ള നോർക്ക വകുപ്പിന്റെ പദ്ധതിയാണ് നോർക്ക അസിസ്റ്റഡ് & മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് (NAME). പ്രവാസി സഹകരണ സംഘങ്ങളുടെ സജീവ പങ്കാളിത്തത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. മടങ്ങിയെത്തിയ പ്രവാസികൾക്കിടയിലെ സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഇതിനകം തന്നെ കേരളത്തിലെ വിവിധ ജില്ലകളിലായി വിവിധ പ്രവാസി സഹകരണ സംഘങ്ങൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്.

2. നോർക്ക അസിസ്റ്റഡ് & മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് (NAME) പദ്ധതിക്കായി 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായ 2,00,00,000/- രൂപ (രണ്ട് കോടി രൂപ മാത്രം) 2230-01-800-81 എന്ന ശീർഷകത്തിൽ നിന്ന് ചെലവഴിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതിക്കായി നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിച്ച പ്രൊപ്പോസൽ 13.05.2025 തീയതിയിൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം പരിഗണിക്കുകയും ഭരണാനുമതി നൽകുവാൻ തീരുമാനിയ്ക്കുകയും ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നോർക്ക അസിസ്റ്റഡ് & മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് (NAME) പദ്ധതിക്കായി 2025-26 സാമ്പത്തികവർഷം 2230-01-800-81 (പ്ലാൻ) എന്ന ശീർഷകത്തിൽ അനുവദിച്ച 2,00,00,000/- രൂപ (രണ്ട് കോടി രൂപ മാത്രം) ചുവടെ പ്രതിപാദിച്ചിട്ടുള്ള ഘടകങ്ങൾ ഉൾപ്പെടുത്തി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

| Sl. | Components | Amount (in Lakh) |
|---|---|---|

| No. | | |
|---|---|---|
| 1 | Portal Development, Loka Keralam Online phase 2, Cloud Storage Charges and IT Infrastructure | 100 |
| 2 | Publicity & Propaganda | 10 |
| 3 | Manpower Support and Other Miscellaneous Expenses | 20 |
| 4 | Wage Compensation to Employers | 70 |
| | **TOTAL** | **200** |

3. ടി പദ്ധതി നടത്തിപ്പിന് ആവശ്യമായ മനുഷ്യ വിഭവ ശേഷി, വേതനം എന്നിവ ഏർപ്പെടുത്തുന്നത് സംബന്ധിച്ച നിലവിലുള്ള സർക്കാർ മാർഗ നിർദ്ദേശങ്ങൾ കർശനമായും പാലിക്കുന്നുണ്ടെന്ന് നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി സുനിൽ കുമാർ
അഡിഷണൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക-റൂട്ട്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം.
ജില്ല ട്രഷറി ഓഫീസർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണവും സാമ്പത്തികകാര്യവും (സി.പി.എം.യു.) വകുപ്പ്
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Githin. S. V
Date: 11-06-2025 09:35:52
സെക്ഷൻ ഓഫീസർ